**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ .1270

31/10/2019 -ൽ മറുപടിയ്ക്ക്

## പുതിയ ആധാരങ്ങൾ രജിസ്റ്റർ ചെയ്യുന്നതിന് റവന്യൂ അധികാരികളുടെ ആർ.ഒ.ആർ സർട്ടിഫിക്കറ്റ്

| ചോദ്യം<br>ശ്രീ. പി.സി. ജോർജ് | | ഉത്തരം<br>ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | റവന്യൂ അധികാരികളുടെയോ, വസ്തു ഉടമയുടെയോ പിശകുമൂലം രജിസ്റ്റർ ചെയ്ത പഴയ ആധാരങ്ങളിലെ സർവ്വേ നമ്പരുകളിലും മറ്റും തെറ്റ് വന്നിട്ടുള്ളത് ടി വസ്തു മറ്റൊരാൾക്കോ, സ്ഥാപനത്തിനോ തീർ ആധാരം ചെയ്ത് കൊടുക്കുന്ന സമയം, ടി പഴയ ആധാരത്തിലെ സർവ്വേ നമ്പരുകളിലെ തെറ്റുകൾ റവന്യൂ അധികാരികളുടെ റൈറ്റ് ഓഫ് റെക്കോർഡ്സ് (ആർ.ഒ.ആർ ) സർട്ടിഫിക്കറ്റ് പ്രകാരം തെറ്റ് തിരുത്തി പ്രമാണം ആധാരം ചെയ്യുന്നതിന് എന്തെങ്കിലും തെറ്റുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (എ) | റവന്യൂ വകുപ്പ് നൽകുന്ന രേഖകളുടെ അടിസ്ഥാനത്തിൽ പഴയ ആധാരങ്ങളിലെ സർവ്വേ നമ്പരുകളിലും മറ്റും തെറ്റ് വന്നിട്ടുള്ളത് തിരുത്തി പ്രമാണം രജിസ്റ്റർ ചെയ്യാവുന്നതാണ് . |
| (ബി) | ഇപ്പോൾ പുതിയ ആധാരങ്ങൾ രജിസ്റ്റർ ചെയ്യുന്നതിന് റവന്യൂ അധികാരികളുടെ ആർ.ഒ.ആർ സർട്ടിഫിക്കറ്റ് നിർബന്ധമാണോ; | (ബി) | നിർബന്ധമല്ല. |
| (സി) | ഇതിന് ഏതെങ്കിലും സർക്കാർ ഉത്തരവുണ്ടോ; കോപ്പി ലഭ്യമാക്കുമോ; വിശദീകരിയ്ക്കുമോ; | (സിയും ഡിയും) | 'ബി' പിരിവിലെ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ബാധകമല്ല . |
| (ഡി) | ഏത് നിയമപ്രകാരമാണ് ആർ.ഒ.ആർ. സർട്ടിഫിക്കറ്റ് നിർബന്ധമാക്കിയത്; വിശദീകരിയ്ക്കുമോ? | | |

സെക്ഷൻ ഓഫീസർ